LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേരളത്തിലെ 14 DIET-കളിൽ വിവിധ വിഷയങ്ങളിലായി 63 ലക്ചറർ തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്. DIET സ്പെഷ്യൽ റൂൾ പ്രകാരം നിലവിലുള്ള ഒഴിവുകളുടെ പകുതി പി.എസ്.സി. മുഖേന നേരിട്ടും ബാക്കി പകുതി ഒഴിവുകൾ യോഗ്യരായ പ്രൈമറി-ഹൈസ്കൂൾ-ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരിൽ നിന്നും ബൈ ട്രാൻസ്ഫർ മുഖേനയുമാണ് നിയമിക്കേണ്ടത്. DIET സ്പെഷ്യൽ റൂളിൽ DIET ലക്ചറർമാരുടെ 23 വിഷയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ DIET-കളിൽ 13 വിഷയങ്ങൾക്കുള്ള തസ്തികകൾ മാത്രമാണ് നിലവിലുള്ളത്. സ്പെഷ്യൽ റൂളിൽ അനുശാസിക്കുന്ന മറ്റുവിഷയങ്ങളിലും നിയമനം നടത്തണമെന്ന അപേക്ഷ പരിഗണിച്ച് ഓരോ വിഷയത്തിനും ഓരോ ജില്ലയിലേയും ആവശ്യകത പരിശോധിച്ച്, ഓരോ ജില്ലയിലും നിലവിലുള്ള ഒഴിവുകൾ വേർതിരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ താമസംവിനാ നടപടികൾ സ്വീകരിക്കുന്നതാണ്.

11. തൂക്കുപാലം

ശ്രീ. പി. കെ. ബഷീർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിലെ ചാലിയാർ പുഴയ്ക്ക്, കുണ്ടുതോട്-കൊളപ്പാട് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന സ്ഥലത്ത്, ഒരു തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലെ എന്റെ ആവശ്യം. കുണ്ടുതോട്-കൊളപ്പാട് ഭാഗങ്ങളിൽ, ഒരു യു.പി. സ്കൂളുമായി ബന്ധപ്പെടാൻ 8 കിലോമീറ്ററോളം ചുറ്റി പോകേണ്ട ഒരവസ്ഥയാണുള്ളത്. അവിടെയുള്ള ആളുകൾക്ക് തൊട്ടടുത്ത അങ്ങാടിയെന്ന് പറയുന്നത് കൊളപ്പാട്-കുണ്ടുതോട് പ്രദേശമാണ്. അതുകൊണ്ട് ആളുകൾ യാത്രയ്ക്കായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഒരു തൂക്കുപാലം അവിടെ നിർമ്മിച്ചാൽ 300-400 മീറ്റർ ദൂരം കൊണ്ട് ആളുകൾക്ക് കുണ്ടുതോട് ടൗണിൽ എത്താൻ സാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചാലിയാർ പുഴക്ക് കുറുകെയായി കൊളപ്പാട്-കുണ്ടുതോട് കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ എസ്റ്റിമേറ്റിന് ഒരു കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് നീക്കിവയ്ക്കാൻ തയ്യാറാണ്. അക്കാര്യത്തിൽ ഒരു നടപടിയുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, സംസ്ഥാനത്തെ കടവുകളിൽ അടിയ്ക്കടിയുണ്ടായ ബോട്ട് അപകടങ്ങളെത്തുടർന്ന് ഒരു താൽക്കാലിക നടപടിയെന്ന നിലയിലാണ് 2010-ൽ തൂക്കുപാലം നിർമ്മിക്കാൻ ആലോചിച്ചത്. സംസ്ഥാനമൊട്ടാകെ 554 കടവുകളിൽ തൂക്കുപാലം ആവശ്യമാണെന്ന് കണ്ടെത്തി. എന്നാൽ അതിനാവശ്യമായ ഭാരിച്ച ചെലവ് കണക്കിലെടുത്ത് അത്യാവശ്യമുള്ള 45 പാലങ്ങൾ നിർമ്മിക്കാൻ തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്ത് ദുരന്തപ്രതികരണനിധിയിൽ നിന്നും തുക

Page 1

ചെലവഴിക്കാൻ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ, പുതിയ തൂക്കുപാലത്തിന്റെ നിർമ്മാണം സംസ്ഥാന ദുരന്തപ്രതികരണനിധി ഉപയോഗപ്പെടുത്തി നിർമ്മിക്കുന്നതിന് നിർവ്വാഹമില്ലെന്നാണ് ഡിപ്പാർട്ടുമെന്റിൽ നിന്നും അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ, അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടിയോളം രൂപ ചെലവഴിക്കാൻ തയ്യാറാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ആർ.എം.എഫ്.-ൽ നിന്നും ബാക്കിവരുന്ന തുക വിനിയോഗിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതുപോലെ നിരവധി മേഖലകളിൽ ഇത്തരത്തിലുള്ള ആവശ്യങ്ങൾ ഉയർന്നു വരുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച ഈ സബ്മിഷനിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

12. മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ലൂഡി ലൂയിസ് : സർ, നമ്മുടെ സംസ്ഥാനത്തെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യവിത്തുകളുടെ ഗുണനിലവാരമുറപ്പുവരുത്തുന്നതിനും സമഗ്രമായ നിയമം നടപ്പിലാക്കുന്നതിനുവേണ്ടി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി മത്സ്യപ്രജനനകാലമായ ജൂൺ 15 മുതൽ ജൂലൈ 31 വരെ വർഷകാല ട്രോളിംഗ് നിരോധനം സർക്കാർ നടപ്പിലാക്കി വരുന്നുണ്ടെങ്കിലും 1997-നുശേഷം ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന ഫലം ലഭിക്കുന്നില്ലെന്ന് സർക്കാർ നിയമിച്ച എക്സ്പേർട്ട് കമ്മിറ്റി തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ട്രോളിംഗ് നിരോധന കാലയളവിൽ, പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിൽ തടസ്സമില്ലെന്ന സാഹചര്യം മുതലെടുത്ത് ആധുനിക സൗകര്യങ്ങളുടെ സഹായത്തോടുകൂടി മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് ഇടവരുത്തിയിരിക്കുന്നു. 35 എം.എം. വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് കടലിലെ ചെറുമത്സ്യങ്ങൾ വൻതോതിൽ നശിക്കുന്നതിന് കാരണമായി തീരുകയാണ്. ആയതിനാൽ മത്സ്യക്കുഞ്ഞുങ്ങളുടെ നാശത്തിനു കാരണമാകുന്ന, മത്സ്യബന്ധനരീതികൾ നിരോധിക്കേണ്ടത് ഈ കാലഘട്ടത്തിന് ആവശ്യമാണെന്ന് മനസ്സിലാക്കിക്കൊണ്ട് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരമുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ നമുക്ക് മാത്രം സ്വന്തമെന്ന് അവകാശപ്പെടുന്ന നമ്മുടെ പല മത്സ്യസമ്പത്തുകളും ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. പുതിയ തലമുറയ്ക്ക് പല മത്സ്യങ്ങളെ കുറിച്ചുള്ള കേട്ടുകേൾവി മാത്രമാണുള്ളത്. അത് കാണുവാനുള്ള ഭാഗ്യം അവർക്ക് ലഭിച്ചിട്ടില്ല. അതുകൊണ്ട് മത്സ്യവിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly